**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3225 10/12/2018-ൽ മറുപടിയ്ക്ക്

**പ്രീ സ്കൂൾ വിദ്യാഭ്യാസം ഒരു കുടക്കീഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | പ്രീ സ്കൂൾ വിദ്യാഭ്യാസം ഇനി ഒരു കുടക്കീഴിൽ കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഈ കാര്യം പരിശോധിച്ചു വരികയാണ്. |
| (ബി) | അംഗൻവാടികളെ പ്രീ-സ്കൂളുമായി ബന്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിനു വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം ഉറപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വ്യക്തമാക്കാമോ | (ബി) | സമഗ്ര ശിക്ഷ – കേരളം പദ്ധതിയുടെ സാധ്യത കണക്കിലെടുത്ത് സർക്കാർ ഹോണറേറിയം നൽകുന്ന ഒരു പ്രീ-സ്കൂളിനെ മുഖ്യ കേന്ദ്രവും തൊട്ടടുത്ത 3-4 അങ്കണവാടികളെ ഉപകേന്ദ്രങ്ങളായും പരസ്പരം ബന്ധിപ്പിച്ചു കൊണ്ട് ഒരു പ്രീ സ്കൂളിംഗ് സംവിധാനം വികസിപ്പിക്കാനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. |
| (സി) | ഭൗതിക സാഹചര്യങ്ങളുള്ള എത്ര സ്കൂളുകളെയാണ് ആദ്യ ഘട്ടത്തിൽ പദ്ധതിക്കായി തിരഞ്ഞെടുക്കുക എന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് അറിയിക്കാമോ? | (സി) | പൈലറ്റ് പദ്ധതി എന്ന നിലയിൽ സംസ്ഥാനത്തെ ജില്ലയിൽ 30 സ്കൂളുകൾ എന്ന കണക്കിൽ ആകെ 420 പ്രീ പ്രൈമറി സ്കൂളുകളെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുണ്ട്. സമഗ്രശിക്ഷയുടെ നേതൃത്വത്തിലാണ് സ്കൂൾതല പദ്ധതി നിർവ്വഹിയ്ക്കുന്നത്. |

Reena

സെക്ഷൻ ഓഫീസർ